**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊട്ടാരക്കര നഗരസഭ - ദിവസവേതനാടിസ്ഥാനത്തിൽ ശുചീകരണ തൊഴിലാളിയായി സേവനമനുഷ്ഠിച്ചുവരവെ മരണപ്പെട്ട കുഞ്ഞുകൃഷ്ണൻ.പി യുടെ കുടംബത്തിന് 3,00.000/- രൂപ (മൂന്നു ലക്ഷം രൂപാ മാത്രം) ധന സഹായമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1653/2019/തസ്വഭവ തീയതി, തിരുവനന്തപുരം : 01/08/2019

---

പരാമർശം : 1) കൊട്ടാരക്കര നഗരസഭാ കൗൺസിലിന്റെ 23/06/2018 തീയതിയിലെ 29-ാം നമ്പർ തീരുമാനം.

2) കൊട്ടാരക്കര നഗരസഭാ സെക്രട്ടറിയുടെ 24/06/2018 തീയതിയിലെ ജി1/11513/17-ാം നമ്പർ കത്ത്.

3) നഗരകാര്യ ഡയറക്ടറുടെ 24/01/2019 തീയതിയിലെ ഇ 2-37990/2017-ാം നമ്പർ കത്ത്.

**ഉത്തരവ്**

കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10/04/2001 ലെ 2-ാം നമ്പർ തീരുമാനപ്രകാരം 21/02/2004 മുതൽ 14 വർഷത്തോളമായി ശുചീകരണ തൊഴിലാളിയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന കുഞ്ഞുകൃഷ്ണൻ.പി എന്നയാൾ 09/10/2017 ൽ പെട്ടെന്നുണ്ടായ അസുഖം മൂലം മരണപ്പെട്ടിട്ടുള്ളതാണെന്നും, സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ടിയാന്റെ കുടുംബം നിത്യ ചെലവിനുപോലും വകയില്ലാത്ത അവസ്ഥയിലാണെന്നും, സ്ഥിരജീവനക്കാരനല്ലാത്തതിനാൽ മരണശേഷം മറ്റു ജീവനക്കാർക്ക് നൽകുന്ന യാതൊരു സർവ്വീസ് ആനുകൂല്യങ്ങളും ടിയാന്റെ കുടുംബത്തിന് നൽകാൻ കഴിയാത്തതിനാൽ, ടിയാന്റെ കുടംബത്തിന്റെ ദയനീയ അവസ്ഥ കണക്കിലെടുത്ത് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 3,00.000/- രൂപ (മൂന്നു ലക്ഷം രൂപാ മാത്രം) സാമ്പത്തികാനുകൂല്യം അനുവദിക്കുന്നതിന് സൂചന (1) പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിരിക്കുകയാണെന്നും, ടിയാന്റെ കുടുംബം സാമ്പത്തികപരമായി വളരെയേറെ ക്ലേശം അനുഭവിക്കുന്നതായും 30/11/2018 ലെ സി-383/18-ാം നമ്പർ പ്രകാരം കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും, ആയതിനാൽ കൊട്ടാരക്കര നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരവെ 09/10/2017 ൽ മരണപ്പെട്ട കുഞ്ഞുകൃഷ്ണന്റെ കുടംബത്തിന് 3,00.000/- രൂപ (മൂന്നു ലക്ഷം രൂപാ

മാത്രം) നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള സർക്കാർ അനുമതി നൽകണമെന്ന് നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കൊട്ടാരക്കര നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ശുചീകരണ തൊഴിലാളിയായി സേവനമനുഷ്ഠിച്ചുവരവെ 09/10/2017 ൽ മരണപ്പെട്ട കുഞ്ഞുകൃഷ്ണൻ.പി യുടെ നിരാലംബമായ കുടുംബത്തിന് ധനസഹായമായി 3,00.000/- രൂപ (മൂന്നു ലക്ഷം രൂപാ മാത്രം) നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊട്ടാരക്കര നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ